മിൽക്ക് സൊസൈറ്റികൾ രൂപീകരിക്കുക, കാലികൾക്കുള്ള റേഷൻ ബാലൻസിംഗ് സമ്പ്രദായം നടപ്പിലാക്കുക വഴി ഉൽപ്പാദന ചെലവ് കുറയ്ക്കുക എന്നിവ വഴി പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ സബ്സിഡികളും നൽകിവരുന്നുണ്ട്. കൂടുതൽ ആൾക്കാരെ ക്ഷീരമേഖലയിലേക്ക് കൊണ്ടു വരുന്നതിനു വേണ്ടി ബോധവൽക്കരണ പരിപാടികളും മിൽമ സംഘടിപ്പിക്കുന്നുണ്ട്.

(സി) മൃഗാശുപത്രികൾ വിജ്ഞാനകേന്ദ്രങ്ങളാണ്.

ജൈവവളങ്ങളുടെ ഉപയോഗവും ഗുണനിലവാര പരിശോധനയും

17 (*287) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുള്ള ജൈവവളങ്ങൾ അന്യ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) മായം കലർന്ന വളങ്ങൾ ഉപയോഗിച്ച് മണ്ണിനെ വിഷലിപ്തമാക്കുന്ന സാഹചര്യം പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) ജൈവ വളങ്ങൾക്കൊപ്പം രാസമിശ്രിത വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി, വെള്ളാണിക്കര, കയർബോർഡ്, കൊച്ചി സ്പൈസസ് ബോർഡ്, കൊച്ചി & കോഴിക്കോട്, റബ്ബർ ബോർഡ്, കോട്ടയം, തിരുവനന്തപുരത്തുള്ള CTCRI എന്നീ സ്ഥാപനങ്ങളുടെ ലാബുകളിൽ ജൈവവള സാമ്പിളുകൾ അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ)-ൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരും തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ഉള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യു.സി)-മാരും ജൈവവളസാമ്പിളുകൾ ശേഖരിച്ച് ബാംഗ്ലൂരിലുള്ള നീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിൽ (RCOF) - അയച്ച് ഗുണനിലവാര പരിശോധന ഉറപ്പു വരുത്തുന്നു.

(സി) മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ചെടികൾക്ക് ആവശ്യമുള്ള മൂലകങ്ങളുടെ പരിശോധനയും അതനുസരിച്ചുള്ള മൂലകങ്ങളുടെ ഉപയോഗക്രമവും കർഷകർക്ക് മണ്ണ് പരിശോധനാ ലബോറട്ടറി വഴി നടപ്പിലാക്കിവരുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രാഥമിക, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അഭാവമോ അധിക തോതോ മനസ്സിലാക്കാൻ സാധിക്കുന്നു. ഈ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ അതാത് വിളകൾക്ക് ആവശ്യമായി വരുന്ന മൂലകങ്ങൾ മണ്ണിൽ ചേർക്കേണ്ട അളവ് മണ്ണ് പരിശോധനാ ലാബുകളിൽ നിന്നും കാലാകാലങ്ങളിൽ കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന്റെ ഗുണങ്ങൾ കർഷകർക്ക് പരിശീലന പരിപാടികൾ മുഖേന നൽകി വരുന്നുണ്ട്.

(ഡി) രാസമിശ്രിത വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ കേരളത്തിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും പ്രവർത്തിച്ചു വരുന്നു. ഓരോ സാമ്പത്തിക വർഷവും "മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റൽ ലബോറട്ടറീസ്" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർക്കും പരിശോധനയ്ക്ക് ശേഖരിച്ച് അയയ്ക്കേണ്ട രാസവളങ്ങളുടെ ടാർജറ്റ് നല്കുകയും പ്രസ്തുത ഉദ്യോഗസ്ഥർ രാസവളങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിലേക്കയച്ച് ഗുണനിലവാരം ഉറപ്പു വരുത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

18 (*288) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന സ്ഥാപനങ്ങളിൽനിന്നുള്ള പാലിനെ ആശ്രയിക്കേണ്ടാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly